ഒരു ആര്യസമാജം പ്രസിദ്ധീകരണം RNI NO. KERMAL /2013/53849
Date of Publication 10/08/2019 REGISTERED NO. OTTAPALAM/5/2017-19

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ(സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ) മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദിക ധർമ്മ ആര്യസമാജ പ്രശ്നോത്തരി പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി. തർജ്ജമ : കെ.എം.രാജൻ - Rs.40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs.10.00
5. സത്യാർത്ഥ പ്രകാശം എന്ത്? എന്തിന്? - കെ.എം.രാജൻ - Rs.10.00
6. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs.20.00
7. വേദാന്തിധ്വാന്ത നിവാരണം മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ - Rs.25.00
8. പുനാ പ്രവചനം (ഉപദേശമഞ്ജരി) മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ - Rs.200.00
9. ആര്യോദ്ദേശ്യ രത്നമാല മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ - Rs.25.00
10. സംശയനിവാരിണി ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ - Rs.200.00
11. വേദ പ്രകാശം പാഠാവലി -കെ.എം.രാജൻ - Rs.40.00
12. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) കെ.എം.രാജൻ - Rs.60.00
13. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs.35.00
14. ശിവസങ്കല്പം - കെ.എം.രാജൻ - Rs.30.00
15. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs.40.00
16. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs.35.00
17. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് കെ.എം.രാജൻ - Rs.60.00

(പോസ്റ്റേജ് ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി തർജ്ജമ : കെ.എം.രാജൻ
2. യോഗദർശനം (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക് തർജ്ജമ. കെ.എം.രാജൻ
3. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ തർജ്ജമ: കെ.എം.രാജൻ
4. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
5. പുരാണങ്ങൾ സത്യവും മിഥ്യയും - കെ.എം.രാജൻ
6. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com Phone: 7907077891, 9562529095*



ओ३म्

# ദയാനന്ദ സന്ദേശം



*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 8 ലക്കം 02

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ് - നഭസ്യ

ചാന്ദ്രമാസം : ശ്രാവണം - ഭാദ്രപദം, കൊല്ലവർഷം 1195 ചിങ്ങം - കന്നി 2019 ആഗസ്റ്റ്

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



## അങ്ങാടിപ്പുറം രാമസിംഹൻ

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

ആഗസ്റ്റ് 2 : അങ്ങാടിപ്പുറം രാമസിംഹൻ രക്തസാക്ഷി ദിനം
ആഗസ്റ്റ് 11 : ഖുദിറാം ബോസ് രക്തസാക്ഷി ദിനം
ആഗസ്റ്റ് 15 : സ്വാതന്ത്ര്യ ദിനം
മഹർഷി അരവിന്ദ ജയന്തി
ആഗസ്റ്റ് 28 : മഹാത്മാ അയ്യങ്കാളി ജന്മദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

മണ്ഡലം 1

സൂക്തം 9



**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ**
**നിച്യൃത് ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ**

**സം ഗോമദിന്ദ്ര വാജവദസ്മേ പൃഥു ശ്രവോ ബൃഹത്।**
**വിശ്വായുർധേഹ്യക്ഷിതമ്॥ (ഋഗ്വേദം 1.9.7)**

**പദാർത്ഥം :** അല്ലയോ (ഇന്ദ്ര) അനന്തവിദ്യായുക്തനും എല്ലാറ്റിനേയും ധാരണം ചെയ്യുന്നവനുമായ ഈശ്വരാ! അങ്ങ് (അസ്മേ) ഞങ്ങൾക്കായി (ഗോമത്) ഏതൊരു ധനമാണോ ശ്രേഷ്ഠവാണിയും നല്ലവരായ ഉത്തമ പുരുഷന്മാർക്ക് പ്രാപിക്കാൻ ഉതകുന്നതും (വാജവത്) നാനാപ്രകാരത്തിലുള്ള അന്നാദി പദാർത്ഥങ്ങൾ പ്രാപിക്കാനും (വിശ്വായുഃ) നൂറുവർഷം പൂർണ്ണവും അല്ലെങ്കിൽ അതിലധികവും ആയുസ്സിനെ വർദ്ധിപ്പിക്കുന്നത് (പൃഥു) അതിവിസ്തൃതവും (ബൃഹത്) അനേകം ശുഭഗുണങ്ങളാൽ പ്രസിദ്ധവും അത്യന്തം വലുതും (അക്ഷിതം) ദിനംപ്രതി വർദ്ധിപ്പിക്കുന്നതും (അവഃ) ഏതിലാണോ അനേക പ്രകാരത്തിലുള്ള വിദ്യയും സ്വർണ്ണം തുടങ്ങിയ ധനങ്ങളും ഉള്ളതായി കേൾക്കുന്നത്, ആ ധനത്തെ (സംധേഹി) നല്ല പ്രകാരത്തിൽ എന്നത്തേക്കുമായി നൽകിയാലും.

**ഭാവാർത്ഥം:** മനുഷ്യർക്ക് തങ്ങളുടെ ബ്രഹ്മചര്യധാരണം, വിഷയലമ്പടതയുടെ ത്യാഗം, ഭക്ഷണം തുടങ്ങിയ വ്യവഹാരങ്ങളിൽ ശ്രേഷ്ഠനിയമങ്ങളാൽ വിദ്യയും ചക്രവർത്തിരാജ്യത്തിന്റെ ലക്ഷ്മിയുടെ സിദ്ധിയും നേടി പൂർണ്ണായുസ്സ് മുഴുവൻ ഭോഗിക്കുന്നതിനായി മുമ്പ് നേടിയ ധനത്തെ കൂട്ടിച്ചേർക്കാനുള്ള ഇച്ഛ തന്റെ പുരുഷാർത്ഥത്താൽ ചെയ്ത് ഈ ലോകത്തേയും അഥവാ പരമാർത്ഥത്തേയും ദൃഢവും വിശാലവും അതായത് അതിശ്രേഷ്ഠമായ സുഖം എല്ലായ്പ്പോഴും നിലനിർത്താനാകട്ടെ. എന്നാൽ ഈ സുഖം കേവലം ഈശ്വരനെ പ്രാർത്ഥിക്കുന്നതു കൊണ്ടുമാത്രം ലഭിക്കില്ല. അതിനായി പൂർണ്ണ പുരുഷാർത്ഥം ചെയ്യുന്നത് അത്യാവശ്യവും ഉചിതവുമാണ്.

**(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്.**

**തർജ്ജമ : കെ.എം.രാജൻ)**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## അന്നദാനം മഹാദാനം

**പ്രിയ വേദബന്ധു,**

**നമസ്തേ,**



**ആ**ര്യസമാജത്തിന്റെ നേതൃത്വത്തിൽ സാംഗോപാംഗം വേദപഠനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു ധർമ്മ സ്ഥാപനമാണ് കാറൽമണ്ണ വേദഗുരുകുലം. ഇവിടെ വർണ്ണ-വർഗ്ഗ വ്യത്യാസമില്ലാതെ ജിജ്ഞാസുക്കളും യോഗ്യരുമായ വിദ്യാർത്ഥികൾക്ക് ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്, ജ്യോതിഷം തുടങ്ങിയ വേദാംഗങ്ങൾ, ഉപവേദങ്ങൾ, ദർശനങ്ങൾ, ഉപനിഷത്തുകൾ, ബ്രാഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഇതിഹാസങ്ങൾ, മഹർഷി ദയാനന്ദ സരസ്വതിയുടെ ഗ്രന്ഥങ്ങൾ എന്നിവയ്ക്കു പുറമെ ബിരുദ-ബിരുദാനന്തരതലം വരെയുള്ള ആധുനിക വിദ്യാഭ്യാസവും നൽകുന്നു. താമസവും ഭക്ഷണവും പഠനവുമെല്ലാം സൗജന്യമാണ്. വൈദിക ധർമ്മത്തെ സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും കഴിവും ധർമ്മബോധവുമുള്ള പുതിയ ഒരു തലമുറയെ വാർത്തെടുക്കുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യ ലക്ഷ്യം. ഒരു ഗോശാലയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

ധർമ്മ ബോധമുള്ള സജ്ജനങ്ങളുടെ സഹായസഹകരണങ്ങളാലാണ് ഗുരുകുലത്തിലെ ദൈനംദിന ചെലവുകൾ നടന്നു പോരുന്നത്. നമ്മുടെ വീടുകളിൽ നടക്കുന്ന വിവാഹം, പിറന്നാൾ, ചോറൂൺ, ഗൃഹപ്രവേശം, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ ഗുരുകുലത്തിൽ അന്നദാനവും വിശേഷ യജ്ഞവും നടത്താവുന്നതാണ്. 'ശതഹസ്ത സമാഹര സഹസ്രഹസ്ത സംകിര' (അഥർവ്വവേദം 3.2.4.5) എന്ന് വേദം പറയുന്നു. നൂറു കൈകകളാൽ സമ്പാദിച്ച് ആയിരം കൈകളാൽ വിതരണം ചെയ്യൂ എന്നർത്ഥം.

**സംഭാവനകൾ അയക്കേണ്ട വിലാസം:**
**വേദഗുരുകുലം, പണ്ഡിറ്റ് ഗുരുദത്ത് ഭവനം,**
**കാറൽമണ്ണ തപാൽ, പാലക്കാട്-679506**

**OUR BANK DETAILS**

**Account Name: VEDA GURUKULAM, SB A/C No: 4264000100086562**

**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



"**വെ**ട്ടെന്ന് കൂടെ വരണമെന്നും പറഞ്ഞു. മുസ്ലീം ഭൂരിപക്ഷ സ്ഥലമായ അവിടെ അവരുമായി സംവാദത്തിനു പോകേണ്ട എന്ന് ലേഖ്റാമിനോട് ഞങ്ങളെല്ലാവരും പറഞ്ഞിരുന്നു. പക്ഷെ അദ്ദേഹമത് ചെവിക്കൊണ്ടില്ല. അവരുമായി മതസംവാദം തുടങ്ങി. ഞാൻ ഓടി ലേഖ്റാമിന്റെയടുത്തെത്തി. നാലഞ്ചു മുസ്ലീം യുവാക്കൾക്കിടയിൽ ഇരിക്കുന്ന ലേഖ്റാമിനെയാണ് ഞാനവിടെ കണ്ടത്. ഒരു മുസ്ലീം യുവാവിന്റെ കൈപിടിച്ച് അയാളെ സ്നേഹപൂർവ്വം ഉപദേശിക്കുകയായിരുന്നു അദ്ദേഹം. യുവാവ് പറഞ്ഞു "ഇക്കാര്യം ഖുറാനിൽ പറഞ്ഞിട്ടുള്ളതാണ്. അതു ഞാനെന്റെ മൗലവിയോട് പോയി ചോദിച്ചിട്ടു വരാം." എന്നാൽ പണ്ഡിറ്റ് ലേഖ്റാം അത്ര പെട്ടെന്ന യാളെ എങ്ങനെ വിട്ടയയ്ക്കാനാണ്? അദ്ദേഹം പറഞ്ഞു "ഞാനൊരു വഴി പോക്കനാണ്. ഇനി എപ്പോൾ കാണുമെന്ന് ആർക്കറിയാം? അതിനാൽ എനിക്ക് പറയാനുള്ളത് കേട്ടാലും." പിന്നീട് ഒരരമണിക്കൂർ നേരം വൈദികധർമ്മത്തിന്റെ ശ്രേഷ്ഠതകൾ പറഞ്ഞ് ആ മുസ്ലീം യുവാക്കളെ യാത്രയാക്കി. അവർ പോയിക്കഴിഞ്ഞപ്പോൾ ഞാനവിടെ ചെല്ലാനുണ്ടായ കാരണം ലേഖ്റാമിന് മനസ്സിലായി. സ്ഥാനീയ ആര്യസമാജികരെ നോക്കി അദ്ദേഹമിങ്ങനെ പറഞ്ഞു "നിങ്ങളെല്ലാം പേടിത്തൊണ്ടന്മാരാണ്. നിങ്ങളെ വിശ്വസിച്ചാണ് ഞാൻ ധർമ്മപ്രചാരണം നടത്തുന്നത് എന്നു കരുതുന്നുണ്ടോ? ഈശ്വരനറിയാം, നിങ്ങളെപ്പോലുള്ള അവിശ്വാസികളായ നാസ്തികരേക്കാൾ ആയിരം മടങ്ങ് ഭേദമാണ് നിസാമി മുസൽമാന്മാർ"

3. "പിന്നീട് ഏപ്രിൽ 24 ന് രാത്രിയിൽ ഞാൻ മടങ്ങുന്നതിനായി വണ്ടിയിൽ കയറി ഇരിക്കാനൊരുമ്പെട്ടപ്പോൾ മൂന്നാമത്തെ രസകരമായ സംഭവം നടന്നു. സ്ഥാനീയ ആര്യസമാജത്തിലെ അംഗങ്ങൾ പണ്ഡിറ്റ് ലേഖ്റാമും എന്നോടൊപ്പം മടങ്ങിയാൽ നന്നായിരിക്കുമെന്നു കരുതിയിരുന്നു. അതിനായി എന്റെ റിക്ഷാവണ്ടിയെ പിടിച്ചുനിർത്തിയതായിരുന്നു (അക്കാലത്ത് മാലേർകോട്ലേയിലേക്ക് റെയിൽ ഉണ്ടായിരുന്നില്ല). ആര്യപഥികൻ പെട്ടിയും സാമാനങ്ങളുമൊന്നുമില്ലാതെ വന്നു ചോദിച്ചു "എന്താണ് അങ്ങ് എന്നെ അവിടെ നിന്നും നിർബന്ധിച്ച്കൊണ്ടുപോകാൻ ആഗ്രിക്കുന്നുണ്ടോ?" സ്ഥാനീയ അധികാരികളുടെ മനോഗതി അറിഞ്ഞ് ഞാൻ പറഞ്ഞു "പോരുകയാണെങ്കിൽ നന്നായിരുന്നു"പണ്ഡിറ്റ്ജിയുടെ മറുപടി പെട്ടെന്നായിരുന്നു."എനിക്കെല്ലാം മനസ്സിലാവുന്നുണ്ട്. എന്നെ അങ്ങ് സഭയുടെ വെറും ജോലിക്കാരനായി കാണരുത്." (തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക–ദാർശനിക മാസിക

പുസ്തകം : 8 ലക്കം 02

സൃഷ്ടി സംവത്സരം 1972949121 കലിവർഷം 5121 വൈദിക സൗരമാസം : നഭസ് – നഭസ്യ
ചാന്ദ്രമാസം : ശ്രാവണം – ഭാദ്രപദം, കൊല്ലവർഷം 1195 ചിങ്ങം – കന്നി 2019 ആഗസ്റ്റ്



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
**പത്രാധിപർ**
കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| മനുസ്മൃതി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സന്ധ്യാസാരം | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |


**വിലാസം**


ദയാനന്ദ സന്ദേശം, ആര്യസമാജം,
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,
വെള്ളിനേഴി തപാൽ, പാലക്കാട് – 679 504
Ph:7907077891, 9446017440
Email:dayanandasandesam@gmail. com


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



**വൈ**ദികധർമ്മത്തിന് മറ്റു മതാന്തരങ്ങളുമായുള്ള മൗലികമായ ഒരു വ്യത്യാസം അ് ഈശ്വരൻ അനാദിയായ ജീവാത്മാക്കളെ കർമ്മഭോഗത്തിനായി അവരുടെ മംഗളത്തിനായി ഈ സൃഷ്ടിയെ നിർമ്മിച്ചുവെന്നാണ്. എല്ലാ ജീവാത്മാക്കൾക്കും തങ്ങളുടെ ചെയ്തുപോയ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ സുഖദുഃഖങ്ങളാകുന്ന ഫലങ്ങൾ ഈശ്വരൻ നൽകുന്നു. ന്യായകാരിയും ദയാലുവുമായ ഈശ്വരൻ എല്ലാ ജീവികൾക്കും അവരുടെ കർമ്മാനുസാരമാണ് ജന്മം നൽകുന്നത്.

ബൈബിൾ, ഖുറാൻ എന്നീ ധർമ്മഗ്രന്ഥങ്ങളും "സ്രഷ്ടാവ്" എന്നതിനെ അംഗീകരിക്കുന്നുണ്ട്. എന്നിരുന്നാലും പ്രവാചകന്മാരിൽ വിശ്വസിക്കുന്ന മതക്കാർ വിചിത്രമായ ഒരു കാഴ്ചപ്പാട് വെച്ചുപുലർത്തുന്നുണ്ട്. ഈശ്വരന്റെ ഒരേയൊരു പുത്രൻ യേശുവാണെന്നാണത്. യേശുവിനെ പറഞ്ഞയച്ചത് ദൈവമാണ്. മുഹമ്മ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ദിനെ പറഞ്ഞയച്ചത് അള്ളാഹുവാണെന്ന് ഇസ്ലാം മതവിശ്വാസികൾ കരുതുന്നു. നബിയും ഇക്കാര്യം ഉറപ്പിച്ചുപറയുന്നുണ്ട്. തന്നെ പറഞ്ഞയച്ചത് അള്ളാഹുവാണെന്ന്.

എല്ലാ പ്രവാചകരും തങ്ങൾക്ക് ശേഷം വേറൊരു നബി വരില്ല എന്നുപറയുന്നുണ്ട്. എന്നാൽ തങ്ങൾക്ക് മുമ്പുണ്ടായ പ്രവാചകരെയെല്ലാം അവർ അംഗീകരിക്കുന്നുമുണ്ട്. ഈ പ്രവാചകന്മാർ എല്ലാം തങ്ങൾ പുതിയ വ്യവസ്ഥകളും മതഗ്രന്ഥങ്ങളുമായാണ് വരുന്നത് എന്നു പ്രസ്താവിക്കുന്നുണ്ട്. തങ്ങൾക്കു മുമ്പുവന്നവരെ മൂസ, യേശു, മുഹമ്മദ് എന്നിവർ മാനിക്കുന്നുണ്ടെങ്കിലും അവർക്കു മുമ്പുള്ള മതഗ്രന്ഥങ്ങളെ അംഗീകരിക്കുന്നില്ല. മുഹമ്മദ് പറഞ്ഞത് ഖുറാൻ ആണ് ഉത്തമമെന്നും അതിനുമുമ്പുള്ള ബൈബിൾ തുടങ്ങിയവ ഇല്ല എന്നുമാണ്. ബൈബിളിനു മുമ്പുള്ള ഗ്രന്ഥങ്ങളെ ക്രൈസ്തവരും തള്ളിപ്പറയുന്നു. ഈ വിചിത്രാചാരത്തെക്കുറിച്ച് കൂടുതൽ ഒന്നും പറയാനില്ല.

ദൈവം യേശുവിന് മാത്രം ജന്മം നൽകിയെങ്കിൽ എന്തുകൊണ്ടാണ് ക്രൈസ്തവർ എല്ലാം ദൈവത്തെ "സ്വർഗ്ഗസ്ഥനായ തങ്ങളുടെ പിതാവേ" എന്നു വിളിക്കുന്നത്? ദൈവം പ്രവാചകന്മാരെ മാത്രം അയക്കുന്നവനാണെങ്കിൽ മറ്റു മനുഷ്യരെയൊക്കെ അയക്കുന്നതാരാണ്? പാപങ്ങൾ, മോശം കാര്യങ്ങൾ തുടങ്ങിയവ ഇല്ലാതാക്കാനാണ് പ്രവാചകന്മാരെ അയക്കുന്നത് എന്ന വാദം അംഗീകരിച്ചാൽ ദൈവത്തിന് ഇവരുടെയൊന്നും സഹായമില്ലാതെ സജ്ജനസംരക്ഷണം സാധ്യമല്ലേ എന്ന ചോദ്യമുയരും. യഥാർത്ഥത്തിൽ മധ്യേഷ്യയിലെ അവതാരവാദത്തിന്റെ ഒരു തനിപ്പകർപ്പാണിതെന്ന് കാണാം. വേദങ്ങളെക്കുറിച്ച് അനഭിജ്ഞരായ ഹിന്ദുക്കൾ ഈശ്വരൻ ഭൂമിയിൽ അവതരിക്കുമെന്നും ദുഷ്ടന്മാരെ അമർച്ച ചെയ്യുമെന്നും കരുതുന്നു. തങ്ങളുടെ രാജ്യത്തുണ്ടാവുന്ന ലഹളകളെ അമർച്ച ചെയ്യാൻ ഭരണാധികാരികൾ സൈനികമേധാവികളെ നിയോഗിക്കുന്നതുപോലെയാണിത്.

(തുടരും)

**പത്രാധിപർ**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷിക വരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പട്ടാമ്പി – 679 504**

**OUR BANK DETAILS**

**Account Name: DAYANANDA SANDESAM, SB A/C No: 4264000100072426**

**PUNJAB NATIONAL BANK, CHERPALCHERY BRANCH, IFSC CODE: PUNB0426400**





***(മുൻ ലക്കത്തിന്റെ തുടർച്ച)***

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

**അദ്ധ്യായം 3** **വേദങ്ങളിൽ സ്ത്രീ**

**മാ**താപിതാക്കൾ സംസ്കാരസമ്പന്നരായാൽ മാത്രമേ യോഗ്യരായ സന്താനങ്ങൾ ഉണ്ടാവൂ എന്നദ്ദേഹം വിശ്വസിച്ചിരുന്നു. മക്കളെ പഠിപ്പിക്കാത്ത മാതാപിതാക്കളെ രാജാവ് ശിക്ഷിക്കണമെന്ന പക്ഷക്കാരനായിരുന്നു അദ്ദേഹം. വരാൻപോകുന്ന തലമുറയുടെ വികാസം ഉചിതമായ പ്രകാരത്തിലും അവയുടെ ആരംഭം വിധിയാംവണ്ണവും ആണെങ്കിൽ മാത്രമേ ഉത്തരവാദിത്തബോധമുള്ള പൗരന്മാർ സൃഷ്ടിക്കപ്പെടൂ. വേരിൽത്തന്നെ ദോഷങ്ങളുള്ളവൻ സമാജത്തിന്റേയും രാഷ്ട്രത്തിന്റേയും കർത്തവ്യ നിർവ്വഹണം നടത്തുന്നതെങ്ങനെയാണ്? ഇന്നേക്ക് 150 വർഷങ്ങൾക്ക് മുമ്പ് മഹർഷി ദയാനന്ദന്റെ ആശയങ്ങൾ മൂലം വിദ്യാഭ്യാസരംഗത്ത് നവോത്ഥാനമുണ്ടായി. അക്കാരണത്താൽ ആയിരക്കണക്കിന് വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാലയങ്ങളും ഗുരുകുലങ്ങൾ തുടങ്ങിയവയും ആരംഭിച്ച് വിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റമുണ്ടായി. ഇത് സ്വാമി ദയാനന്ദന്റെ പ്രവർത്തനങ്ങളുടെ പരിണാമമമാണ്.

**ചോദ്യം : വേദങ്ങൾ സ്ത്രീവിദ്യാഭ്യാസത്തിന് അധികാരം നൽകുന്നുണ്ടോ?**

**ഉത്തരം** : 'സ്ത്രീശൂദ്രോനാധീയതാമിതി ശ്രുതേഃ' അതായത് സ്ത്രീയും ശൂദ്രനും പഠിക്കരുത് എന്ന വാദത്തെ തള്ളിക്കൊണ്ട് വൈദികകാലത്തുണ്ടായിരുന്ന ഗാർഗി, സുലഭ, മൈത്രേയി, കാത്യായനി തുടങ്ങിയ വിദ്യാസമ്പന്നകളായ സ്ത്രീകളുടെ വർണ്ണന മഹർഷി ദയാനന്ദൻ ഉയർത്തിക്കാട്ടിയിരുന്നു. ഋഷിമുനിമാരുടെ സംശയങ്ങൾക്ക് നിവാരണം നടത്തിയിരുന്നവരായിരുന്നു ഈ വനിതാരത്നങ്ങൾ. സ്ത്രീ സമൂഹത്തെ വിദ്യാഭ്യാസമുള്ളവരും സ്വാവലംബികളും ആത്മവിശ്വാസമുള്ളവരുമായി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമമാണദ്ദേഹം നടത്തിയത്. സ്ത്രീകളുടെ വിദ്യാഭ്യാസത്തെ കുറിക്കുന്ന അനേകം മന്ത്രങ്ങൾ വേദങ്ങളിലുണ്ട്.

1. ഋഗ്വേദം 6.44.18 ന്റെ ഭാഷ്യത്തിൽ മഹർഷി ദയാനന്ദൻ പറയുന്നു "ബാലന്മാരേയും കന്യകമാരേയും ബ്രഹ്മചര്യത്തോടെ വിദ്യായുക്തരാക്കി സമൃദ്ധിയെ പ്രാപിച്ച് സത്യം, ന്യായം, ധർമ്മം എന്നിവയുടെ നിരന്തര സേവനം നടത്തിയാലും"

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അർത്ഥം:** ഏതൊരു കുലത്തിലാണോ സ്ത്രീയാൽ പുരുഷനും പുരുഷനാൽ സ്ത്രീയും ആനന്ദിതരായിരിക്കുന്നത് ആ കുലത്തിൽ എന്നും മംഗളം ഉണ്ടാവുന്നു. പക്ഷേ, എന്നാലിത് ബ്രഹ്മചര്യം പാലിച്ച് വിദ്യയഭ്യസിച്ച് പരസ്പരം പരീക്ഷിച്ചറിഞ്ഞ് പ്രസന്നതയോടുകൂടി സ്വയംവര വിവാഹം നടത്തുന്നവർക്കു മാത്രമേ ലഭിക്കുകയുള്ളു. ബാല്യാവസ്ഥയിൽ വിവാഹം കഴിച്ചാലുണ്ടാവുന്ന സുഖഹാനിയും വിദ്യയുടെയും ഉത്തമ പ്രജകളുടെയും ഹാനിയുമെത്രയാണോ അത്ര കണ്ട് സുഖലാഭങ്ങൾ ബ്രഹ്മചര്യത്താൽ ശരീരവും ആത്മാവും പൂർണ്ണാവസ്ഥയിലെത്തി നടത്തുന്ന വിവാഹം കൊണ്ടുണ്ടാവും. പരസ്പര പ്രീതിയോടെ സ്വയംവര വിവാഹം കഴിക്കുന്നവരുടെ സന്താനങ്ങൾ അവരുടെ അച്ഛനമ്മമാരെപ്പോലെ യോഗ്യരായിത്തീരും. ബുദ്ധി, ബലം, പരാക്രമം, ധർമ്മനിഷ്ഠ, സുശീലം തുടങ്ങിയ ശുഭഗുണങ്ങൾ നിറഞ്ഞ മഹാഭാഗ്യശാലിയാണ് എന്നു പേരുകേട്ട് കുലത്തിന് പ്രശംസ നേടിയെടുക്കുന്നവർ ലക്ഷത്തിലൊരംശം മാത്രമേ കാണൂ.

## മനുഷ്യത്വം

**ചോദ്യം : മനുഷ്യത്വമെന്നു പറയുന്നത് എന്തിനെയാണ്?**

**ഉത്തരം** : ഈ മനുഷ്യജാതിക്കൊരു ഗുണമുണ്ട്. അത് മറ്റൊരു ജാതിക്കുമില്ല. അതാണ് മനുഷ്യത്വം.

**ചോദ്യം : അതെന്താണ്?**

**ഉത്തരം** : മനുഷ്യരല്ലാത്ത ജീവികൾക്കെല്ലാം രണ്ടു പ്രകാരത്തിലുള്ള സ്വഭാവമുണ്ട്. ബലവാനെ ഭയപ്പെടുക, ദുർബലനായവനെ പേടിപ്പിക്കുക, സ്വന്തം കാര്യം നേടുന്നതിനായി മറ്റൊന്നിന്റെ പ്രാണനെ പോലും എടുക്കുക. ഇപ്രകാരം ചെയ്യുന്ന മനുഷ്യരെയും മൃഗങ്ങളുടെ ജാതിയിൽ ഉൾപ്പെടുത്താം. എന്നാൽ ദുർബലരോട് ദയയും അവരെ സഹായിക്കുകയും അവരെ പീഡിപ്പിക്കുന്ന അധർമ്മികളും ബലവാന്മാരുമായവരെ ലേശമാത്രം പോലും ഭയപ്പെടാതിരിക്കുകയും അവരെ പരപീഡനങ്ങൾ ചെയ്യുന്നതിൽനിന്ന് തുരത്തിക്കളയുകയും ദുർബലരെ സംരക്ഷിക്കാൻ ശരീരവും മനസ്സും ധനവും സദാ പ്രയോഗിക്കുക എന്നത് മനുഷ്യജാതിയുടെ ഒരു സ്വാഭാവിക ഗുണമാണ്. എന്തെന്നാൽ മോശം കാര്യങ്ങൾ ചെയ്യുന്നതിൽ ഭയപ്പെടുകയും സത്യകർമ്മങ്ങൾ ചെയ്യുന്നതിൽ അശേഷം ഭയമില്ലാതിരിക്കുകയും ചെയ്യുന്ന മനുഷ്യർ കൃതജ്ഞതാപാത്രങ്ങളാണ്.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3** **വേദാനാംനിത്യത്വ വിചാരഃ**

എങ്ങനെയാണോ ആ ബാലനും വനത്തിൽ വസിക്കുന്ന മനുഷ്യർക്കും യഥാവിധി ജ്ഞാനമുണ്ടാവാത്തത് അത്തരത്തിൽ ആ ബാലനും വനത്തിൽ കഴിയുന്നവർക്കും യഥാവിധി വിദ്യയുടെ അറിവ് ഒരിക്കലുമുണ്ടാവില്ല. അതേപോലെ നല്ലവണ്ണമുള്ള ഉപദേശം കൂടാതെ അയാൾക്ക് ലോകവ്യവഹാരത്തെക്കുറിച്ചുപോലും അറിവുണ്ടാവുക ഇല്ല. എങ്കിൽ വിദ്യനേടൽ അന്ത്യന്തം കഠിനമായിരിക്കും. ഇതിൽ നിന്നെന്തു മനസ്സിലാക്കണം? പരമേശ്വരന്റെ വേദവിദ്യയുടെ ഉപദേശത്തിനുശേഷം മനുഷ്യർക്ക് വിദ്യയുടേയും ജ്ഞാനത്തിന്റേയും ഉന്നതിയുണ്ടാവുന്നത് സഹജമാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ എല്ലാ ഗുണങ്ങളും സത്യമാണ്. അതിനാൽ അദ്ദേഹത്തിന്റെ വിദ്യയായ വേദവും നിത്യമാണ്.

ഏതാണോ നിത്യവസ്തുവായിരിക്കുന്നത്, അതിന്റെ നാമവും ഗുണവും കർമ്മവും നിത്യമായിരിക്കും. എന്തെന്നാൽ അവയുടെ ആധാരവും നിത്യമായിരിക്കും. ഒരു ആധാരവുമില്ലാതെ നാമഗുണകർമ്മാദികൾ സ്ഥിരമായിരിക്കില്ല. എന്തെന്നാൽ അവക്ക് ദ്രവ്യത്തിന്റെ ആശ്രയം എല്ലായ്പ്പോഴും ഉണ്ട്. അനിത്യവസ്തുക്കളുടെ നാമവും ഗുണവും കർമ്മവും അനിത്യമായിരിക്കും. അപ്പോൾ നിത്യമെന്നു പറയുന്നത് ഏതിനെയാണ്? ഉൽപ്പത്തി വിനാശം എന്നിവയിൽ നിന്നു വ്യത്യസ്തമാണത്. ഉൽപ്പത്തിയെന്നു പറയുന്നത് (വൈ.യ. അച്ചടിച്ച പാഠത്തിൽ "ക്യാ" (എന്താണ്) എന്നാണ്.) ഏതൊന്നാണോ (പൃഥക്ഭൂത്) അനേകം ദ്രവ്യങ്ങളുടെ സംയോഗവിശേഷത്താൽ സ്ഥൂലപദാർത്ഥത്തെ ഉണ്ടാക്കുന്നത് അതാണ്. അത് എപ്പോൾ വെവ്വേറെയായിത്തീർന്ന് ദ്രവ്യത്തിന്റെ വിയോഗത്താൽ അവയുടെ കാരണരൂപത്തിൽ പരമാണുരൂപമായ അവസ്ഥയുണ്ടാവുന്നുവോ അതിനെ വിനാശമെന്നു പറയുന്നു. ഏതൊരു ദ്രവ്യമാണോ സംയോഗത്താൽ സ്ഥൂലമാവുന്നത് അത് കണ്ണ് തുടങ്ങിയ ഇന്ദ്രിയങ്ങളാൽ കാണാൻ കഴിയുന്നു. പിന്നീട് സ്ഥൂലദ്രവ്യത്തിലെ പരമാണുക്കളുടെ വിയോഗം ഉണ്ടാവുമ്പോൾ അത് സൂക്ഷ്മമാവുന്നതിനാൽ ആ ദ്രവ്യത്തെ കാണാൻ പറ്റുന്നില്ല. ഇതിന്റെ പേരാണ് നാശം. എന്തെന്നാൽ അദർശനത്തിനാണ് നാശം എന്നുപറയുന്നത്. (നാശം 'ണശ' (നാശം) ധാതുവിൽനിന്നുണ്ടാവുന്നതിനാൽ അതിന്റെ അർത്ഥം പാണിനി മഹർഷി 'അദർശനം' എന്നാണ് പറയുന്നത് 'ണശ 'അദർശനേ. (ധാതുപാഠം 4.83))

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ: കെ.എം.രാജൻ

മനുവിന്റെ ശ്ലോകങ്ങളിലെ കേവലഭാവം മാത്രമേ മഹർഷിയുടെ ഗ്രന്ഥങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ളു. അവിടെ ഈ കാഴ്ചപ്പാടുകളും ചേർത്ത് നോക്കിയിട്ടുണ്ട്. മഹർഷിയുടെ ഭാഷ്യത്തിൽ നിന്നും മനുവിന്റെ ശ്ലോകങ്ങളുടെ അനേകം കൂട്ടിപ്പിണയലുകൾ മാറ്റിയെടുക്കാനാവുമെന്ന് ഞാൻ മനസ്സിലാക്കി.

**7. ആദ്യമായി സംസ്കൃതപദങ്ങൾക്ക് ഹിന്ദി പദാർത്ഥശൈലി പ്രകാശിപ്പിച്ചു.**

ആദ്യമായി സമ്പൂർണ്ണ മനുസ്മൃതിയുടെ സംസ്കൃതപദങ്ങൾക്കൊപ്പം അവയുടെ ഹിന്ദി അർത്ഥവും നൽകി. ഇത് വിദ്യാർത്ഥികൾക്ക് പഠനം സുഗമമാക്കും. അൽപ്പമാത്രം സംസ്കൃത ജ്ഞാനമുള്ള വായനക്കാർക്കും സംസ്കൃതപദങ്ങളുടെ ജ്ഞാന-മനനത്തോടുകൂടിയ ശ്ലോകാർത്ഥങ്ങൾ അനായാസം ഗ്രഹിക്കാൻ കഴിയും. ഈ ദൃഷ്ടിയിൽ ഈ പ്രകാശനം സാമാന്യ ജനങ്ങൾക്ക് ഏറെ ഗുണം ചെയ്യും.

**8. എല്ലാ വിഷയവിവരണവും സൂചികസഹിതം.**

ഏതൊരു ഗ്രന്ഥത്തിലേയും വിഷയക്രമവും സൂചികയും വളരെയേറെ ഗുണം ചെയ്യുന്നതാണ്. വിദ്യാർത്ഥികളുടെയും വായനക്കാരുടെയും സൗകര്യത്തിനായി ഈ പതിപ്പിൽ ശ്ലോകങ്ങളുടെ ഉഭയപംക്തി - വിഷയക്രമം, വിഷയസൂചിക, അനുശീലൻ സമീക്ഷയിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളുടെ സൂചിക, സങ്കേതങ്ങളുടെ സൂചന, ശുദ്ധാശുദ്ധി പത്രം തുടങ്ങിയ ആവശ്യമാർന്ന സാമഗ്രികളൊക്കെ ഇതിൽ ചേർത്തിട്ടുണ്ട്.

**9. മനുസ്മൃതിയുടെ പ്രകരണങ്ങളുടെ വിവരണം**

മനുവിന്റെ ശൈലിയുടെ ഒരു പ്രത്യേകത എന്തെന്നാൽ അദ്ദേഹം മുഖ്യവിഷയങ്ങളുടെ പ്രകരണത്തിന്റെ തുടക്കത്തിൽ അതിന്റെ ആരംഭസൂചന നൽകുന്നുണ്ട്. അല്ലെങ്കിൽ അതിന്റെ അവസാനത്തിൽ വിഷയത്തെക്കുറിച്ച് സൂചിപ്പിക്കാറുണ്ട്. മനുനൽകിയ സൂചനകളനുസരിച്ച് മനുസ്മൃതിയിൽ 21 പ്രകരണങ്ങൾ അഥവാ മുഖ്യവിഷയങ്ങൾ വരുന്നുണ്ട്. ഈ പതിപ്പിൽ അവ യഥാസ്ഥാനത്ത് രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

**10. മൗലികമായ ശ്ലോകങ്ങൾ മാത്രമെടുത്ത് വിശുദ്ധ മനുസ്മൃതി എന്ന പ്രത്യേക പ്രകാശനം.**

ഈ പതിപ്പിൽ മൗലികമെന്നു കാണുന്ന ശ്ലോകങ്ങളെ ഗ്രഹിച്ച് പ്രക്ഷിപ്തങ്ങളില്ലാത്ത മനുസ്മൃതിയെ വിശുദ്ധ മനുസ്മൃതി എന്ന പേരിൽ വേറിട്ട് പ്രകാശിപ്പിച്ചിട്ടുണ്ട്. തന്മൂലം വായനക്കാർക്ക് മനുവിന്റെ ഉപദേശങ്ങളെയും ആജ്ഞകളെയും ഇഴമുറിയാതെ വായിച്ച് ആനന്ദിക്കാനാവും.

**(തുടരും)**

*സാ പ്രഥമാ സംസ്കൃതിർ വിശ്വവാരാ (യജുർവേദം 7.14)*
*നാം ഈ വിശ്വത്തിന്റെ പ്രഥമ സംസ്കൃതി വാഹകരാണ്*







# സന്ധ്യാസാരം

അജിത ഗണേഷ്
തർജ്ജമ: കെ.കെ.ജയൻ

7. അല്ലയോ മിത്ര, വരുണ, അഗ്നി, പരമേശ്വരാ! അങ്ങ് ദ്യൂലോകം, അന്തരിക്ഷലോകം, പൃഥിവീലോകം എന്നീ ജഡലോകങ്ങളുടെ പ്രകാശകനും ചേതനാത്മാക്കൾക്ക് ജീവൻ നൽകുന്നവനുമാണ്.

8. ഞാൻ അങ്ങയുടെ ആജ്ഞാകാരിയായ ശിഷ്യനാണ്. കൃപ ചെയ്ത് ഉത്തമകർമ്മം ചെയ്യുന്ന എനിക്ക് ആശീർവാദം നൽകിയാലും. ഉത്തമകർമ്മങ്ങൾ ചെയ്തുകൊണ്ട് ഞാൻ അങ്ങയുടെ സൃഷ്ടിയിൽ നൂറുവർഷം വരെ കാണുകയും വേദജ്ഞാനത്തെ കേൾക്കുകയും ചെയ്യട്ടെ. ഇതുമാത്രമല്ല, ഇതിലും അധികം കാലം ജീവിക്കുകയും ഒരിക്കലും അസുഖങ്ങൾ വരാതെയും ആരുടേയും അധീനതയിൽ വരാതെയും ഇരിക്കട്ടെ.

9. അല്ലയോ ദയാസാഗരമായ പ്രഭോ! ജപം, ഉപാസന തുടങ്ങിയ കർമ്മങ്ങൾ ചെയ്തുകൊണ്ട് അങ്ങയുടെ ആജ്ഞാകാരിയായ ഈ പുത്രന് അങ്ങ് വേഗത്തിൽ ധർമ്മാർത്ഥകാമ മോക്ഷങ്ങൾ പ്രദാനം ചെയ്താലും.

10. ഈശ്വരൻ പറയുന്നു "അല്ലയോ പ്രിയപ്പെട്ട ജീവാത്മാവേ! എഴുന്നേൽക്കൂ! ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ പുരുഷാർത്ഥങ്ങൾ ചെയ്യൂ. ഞാൻ നിനക്ക് സർവ്വതും നൽകുന്നതിന് തയ്യാറാണ്. എന്നാൽ നീ എന്റെ നേർക്ക് നോക്കുകയോ പുരുഷാർത്ഥം ചെയ്യുകയോ ചെയ്യുന്നില്ല.

11. അല്ലയോ ദയയുടെ ഭണ്ഡാരവും കരുണാമയനുമായ പ്രഭോ! ഞാൻ അങ്ങയോട് കോടികോടി നന്ദി പറയുന്നു. എന്റെ നമസ്കാരം സ്വീകരിച്ചാലും! ... എന്റെ നമസ്കാരം സ്വീകരിച്ചാലും! അങ്ങനെ ഈ ദുരിത സാഗരത്തിന് മറുകര എത്തിച്ചാലും.

**ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ**

***"വേദം എല്ലാ സത്യവിദ്യകളുടെയും ഗ്രന്ഥമാകുന്നു. ആ വേദം പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യന്മാരുടെയും പരമ ധർമ്മമാണ്."***

***മഹർഷി ദയാനന്ദസരസ്വതി***

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**ഏ**തൊരവസ്ഥയിലാണോ യോഗാഭ്യാസി സംപ്രജ്ഞാത സമാധിയുടെ ഉന്നതാവസ്ഥയിൽ എത്തിച്ചേരുന്നത് അയാൾക്ക് അതിലും ദോഷങ്ങൾ കാണാനായി തുടങ്ങും. ആ ദോഷങ്ങൾ കാരണം പരവൈരാഗ്യം ഉൽപ്പന്നമാവുന്നു. ആ സമയത്ത് ചിത്തത്തിന്റെ എല്ലാ പ്രവൃത്തികൾക്കും നിരോധമുണ്ടാവുന്നു. ഈ അവസ്ഥയിൽ അസംപ്രജ്ഞാത സമാധി ഉണ്ടാകുന്നു. ഇത് ഈശ്വരസാക്ഷാത്ക്കാരത്തിന്റെ സ്ഥിതിയാണ്.

ഇവയിൽ കേവലം ഏകാഗ്രവും നിരുദ്ധവുമായ അവസ്ഥകൾക്ക് മാത്രമേ "യോഗ" മെന്നു പറയാനാവൂ. ക്ഷിപ്താദികളായ മറ്റവസ്ഥകളൊന്നും യോഗമാവില്ല. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമെന്തെന്നാൽ ക്ഷിപ്തം തുടങ്ങിയ അഞ്ചവസ്ഥകൾ ചിത്തത്തിന്റേതാണ്. ജീവാത്മാവിന്റേതല്ല. അവിദ്യകാരണം വ്യക്തി ഈ അവസ്ഥകൾ തന്റേ (ആത്മാവിന്റെ)താണെന്ന് കരുതുന്നു. ഇതിന്റെ പരിണാമമെന്തെന്നാൽ യോഗാഭ്യാസിക്ക് ചിത്തത്തെ തന്റെ (ആത്മാവിന്റെ) അധികാരത്തിൽ നിലനിർത്താനാവാതിരിക്കുകയും മനുഷ്യജീവന്റെ മുഖ്യ പ്രയോജനമായ ഈശ്വരസാക്ഷാത്ക്കാരം സിദ്ധിക്കാതിരിക്കുകയും ചെയ്യും.

ചിത്തത്തിന്റെ ഈ അഞ്ചവസ്ഥകളിൽ ഏതിനെയെങ്കിലും മാറ്റി നിർത്തുക, മറ്റൊന്നിനെയുണ്ടാക്കുക എന്നിവ ഒരു പരിധിവരെ യോഗാഭ്യാസിക്കധീനമാണ്. തന്മൂലം വ്യക്തിക്ക് ക്ഷിപ്താദികളിൽനിന്ന് വിട്ടുമാറി ഏകാഗ്രതയിലേക്കും ഏകാഗ്രത ഒഴിവാക്കി "നിരോധ"ത്തെ ഉണ്ടാക്കാനും കഴിയും. എന്നാൽ ശ്രദ്ധക്കുറവ്, ആലസ്യം, പ്രമാദം തുടങ്ങിയ കാരണങ്ങളാൽ ഉന്നതാവസ്ഥയിൽനിന്ന് താഴ്ന്ന അവസ്ഥയിലേക്ക് എത്തിപ്പെടാനും ഇടയുണ്ട്. ഈ സ്ഥിതിയിൽ നിരാശനാവേണ്ടതില്ല. എന്തെന്നാൽ നിരാശനാവുന്നതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാവില്ല. അങ്ങനെ സാധകൻ ഏതെല്ലാം ഉപായങ്ങളാലാണോ ഉന്നതാവസ്ഥയിൽ എത്തിച്ചേർന്നത്, അതേ ഉപായങ്ങളാൽ ഉചിതമായ പ്രയോഗം കൊണ്ട് വീണ്ടും ഉന്നതസ്ഥിതിയിലെത്താവുന്നതാണ്. ചിലപ്പോൾ പ്രയത്നം ചെയ്താലും വ്യക്തിക്ക് ക്ഷിപ്താദികളെ മാറ്റി ഏകാഗ്രവും നിരുദ്ധവുമായ അവസ്ഥകളെ പ്രാപിക്കാനായെന്നുവരില്ല. തീവ്രമായ രോഗങ്ങൾ, ആഘാതം, അതിശൈത്യം, അത്യുഷ്ണം, അംഗഭംഗം വരുക എന്നിവയാലാണത്. എന്നാൽ വിശേഷമായ ഉച്ചാവസ്ഥയിലെത്തിയ യോഗി ഈ സ്ഥിതിയിൽ ചിന്തിതനും ഭയഭീതനുമാവുന്നില്ല. സരളമായി ഈ ദുഃഖങ്ങളെ സഹിക്കുന്നു.||1||

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 3 — പൗരാണിക ആഖ്യാനങ്ങളുടെ അനുക്രമണിക

**3. വിഷ്ണുപുരാണം (126 അദ്ധ്യായങ്ങൾ)**

(1) ധ്രുവ - പ്രഹ്ലാദചരിതം, (2) ഭരതരാജാവിന്റെ കഥ, (3) ഉർവ്വശീപുരൂരവസ് ആഖ്യാനം, (4) യയാതിയുടെ കഥ, (5) മഹാഭാരതകഥ, (6) രാമചരിതം (തൃതീയ അംശം, (7) ശ്രീകൃഷ്ണചരിതം (പഞ്ചമ അംശം)

**4. വായുപുരാണം (112 അധ്യായങ്ങൾ)**

ശൈവതത്ത്വ പ്രധാനമാണ് ഈ പുരാണമെങ്കിലും കൃഷ്ണ-രാധാചരിതം (അദ്ധ്യായം 104), ഗദാധര (വിഷ്ണു) ആഖ്യാനം (അദ്ധ്യായം 105-112) എന്നിവയാണ് ഇതിൽ കാണുന്നത്.

**5. ശ്രീമദ് ഭാഗവതപുരാണം (335 അദ്ധ്യായങ്ങൾ)**

ശുകദേവന്റെ കഥ, പരീക്ഷിത്തിന്റെ ആഖ്യാനം, നാരദന്റെ പൂർവ്വജന്മകഥ, മഹാഭാരതയുദ്ധകഥ, ദ്രൗപദിയുടെ പുത്രന്മാരുടെ വധം, പരീക്ഷിത്തിന്റെ ജനനകഥ, യാദവസംഹാരം, ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണം (സ്കന്ധം 1), കൂർമ്മാവതാരം, നരസിംഹാവതാരകഥ (സ്കന്ധം 2), വരാഹാവതാരകഥ, ഹിരണ്യകശിപു-ഹിരണ്യാക്ഷൻ എന്നിവരുടെ കഥ, കർദമ-ദേവഹൂതികളുടെ കഥ, (സ്കന്ധം 3), സതിയുടെ കഥ, ധ്രുവന്റെ കഥ, വേനരാജാവിന്റെ കഥ, പൃഥുരാജാവിന്റെ കഥ, പുരഞ്ജനോപാഖ്യാനം (സ്കന്ധം 4), പ്രിയവ്രത ചരിതം, അഗ്നീധ്രന്റേയും നാഭിരാജാവിന്റേയും ചരിതം, ഋഷഭദേവന്റെ കഥ, ഭരതചരിതം, ഗംഗാവതരണകഥ (സ്കന്ധം 5), അജാമിളന്റെ കഥ, ദക്ഷപുത്രന്മാരുടെ വിരക്തിയുടെ കഥ, വിശ്വരൂപകഥ, ദധീചിമഹർഷിയുടെ കഥ, വൃത്രാസുര വധം, ചിത്രകേതുവിന്റെ കഥ, ഹിരണ്യകശിപുവിന്റെ കഥ, പ്രഹ്ളാദചരിതം (സ്കന്ധം 7), ഗജേന്ദ്ര ഉപാഖ്യാനം, സമുദ്രമഥനവും മോഹിനീ അവതാരകഥയും, ബലിരാജാവിന്റെ കഥ, വാമനചരിതം, മത്സ്യാവതാര കഥ, സുദ്യുമ്ന രാജാവിന്റെ കഥ, ച്യവന മഹർഷിയുടെ കഥ, നാഭാഗന്റേയും അംബരീഷിന്റേയും കഥ, മാന്ധാതാ, സൗഭരി എന്നീ ഋഷിമാരുടെ കഥ, ത്രിശങ്കുരാജാവിന്റെയും ഹരിശ്ചന്ദ്രന്റെയും കഥ, സഗരന്റെ കഥ, ഭാഗീരഥ ചരിതം, രാമചരിതം, പരശുരാമചരിതം, യയാതിയുടെ ചരിതം, ദുഷ്യന്ത-ശകുന്തളോപാഖ്യാനം, ഭരതന്റെ കഥ, രാജാ രന്തിദേവന്റെ കഥ (സ്കന്ധം 9) ശ്രീകൃഷ്ണ ജനന കഥ, പൂതനാമോക്ഷം, ശകട-തൃണാവർത്തന്മാരുടെ കഥ, യമലാർജ്ജുന കഥ, വത്സാസുരൻ, ബകാസുരൻ എന്നിവരുടെ വധം.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഭാവാർത്ഥം:** അല്ലയോ രാജൻ! അസ്ഥികളും വാരിയെല്ലുകളും പൊട്ടി പർവ്വത സമാനം വിശാലകായനായ ബകാസുരൻ എന്നു പേരുള്ള രാക്ഷസൻ ഭയങ്കരമായി അലറിക്കൊണ്ട് ജീവൻ വെടിഞ്ഞു.

അതിനുശേഷം കുറച്ചുനാൾ കഴിഞ്ഞ് കഠോരനിയമങ്ങൾ പാലിക്കുന്ന ഒരു ബ്രാഹ്മണൻ താമസിക്കുന്നതിനായി ആ ബ്രാഹ്മണ ദേവതയുടെ ഗൃഹത്തിലെത്തി.

അതിഥിസേവനം ഒരു വ്രതമാക്കിയെടുത്തയാളായിരുന്നു ഈ ബ്രാഹ്മണ ദേവത. തന്റെ ഗൃഹത്തിലെത്തിയ അതിഥിയെ വേണ്ടവിധം സൽക്കരിച്ച് അദ്ദേഹത്തിന് താമസിക്കാനുള്ള വ്യവസ്ഥകൾ എല്ലാം അദ്ദേഹം ചെയ്തു.

അതിഥിയായെത്തിയ ബ്രഹ്മണൻ സുന്ദരവും മംഗളകരവുമായ കഥകൾ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ കേൾക്കുന്നതിനായി പാണ്ഡവശ്രേഷ്ഠർ എല്ലാവരും കുന്തീദേവിയോടൊപ്പം അദ്ദേഹത്തിന്റെ അടുത്തെത്തി.

അനേകം ദേശങ്ങൾ, തീർത്ഥങ്ങൾ, നദികൾ, രാജാക്കന്മാർ തുടങ്ങി നാനാ പ്രകാരത്തിലുള്ള ആശ്ചര്യജനകമായ സ്ഥാനങ്ങളെക്കുറിച്ചും നഗരങ്ങളെക്കുറിച്ചും അദ്ദേഹം വിസ്തരിച്ചു പറഞ്ഞുകൊടുത്തു. "അല്ലയോ ജനമേജയാ! വർത്തമാനങ്ങൾക്കൊടുവിൽ ബ്രാഹ്മണൻ ഇക്കാര്യവും പറഞ്ഞു. അതായത് പാഞ്ചാല ദേശത്ത് യാജ്ഞസേനി കുമാരി ദ്രൗപദിയുടെ അത്ഭുത സ്വയംവരം നടക്കാൻ പോവുകയാണ്." മഹാഭാരതം ആദിപർവ്വം 164 ആം അദ്ധ്യായത്തിലെ മൂന്നുമുതൽ ഏഴുവരെയുള്ള ശ്ലോകങ്ങൾ നോക്കിയാലും.

അതിഥിയായെത്തിയ ബ്രാഹ്മണൻ പറയുന്നത് നോക്കിയാലും.

1. "പുരോഹിതന്റെ വാക്കുകൾ കേട്ട പാഞ്ചാലരാജാവിന് ഏറെ പ്രസന്നത തോന്നി. പൗഷമാസ ശുക്ലപക്ഷത്തിലെ ശുഭതിഥി അഥവാ ഏകാദശി തിഥിയിൽ രോഹിണി നക്ഷത്രത്തിൽ ദ്രൗപദിയുടെ സ്വയംവരം നിശ്ചയിച്ചു."

"അതിനിനി 75 ദിവസങ്ങൾ ബാക്കിയുണ്ട്. അല്ലയോ ബ്രാഹ്മണീ (കുന്തീ)! ദേവന്മാർ, ഗന്ധർവന്മാർ, യാജ്ഞികരും തപസ്വികളുമായ ഋഷിമാർ എന്നിവരും സ്വയംവരം കാണാൻ വരുന്നുണ്ട്."

"നിന്റെ ഈ മഹാത്മാവായ പുത്രൻ കാഴ്ചക്ക് സുന്ദരനാണ്. പാഞ്ചാലരാജാവിന്റെ പുത്രിയായ കൃഷ്ണ ഇവരിൽ ആരെയെങ്കിലും തന്റെ ഇച്ഛാനുസാരം ഭർത്താവായി സ്വീകരിക്കാനിടയുണ്ട്. അല്ലെങ്കിൽ നിന്റെ മക്കളിൽ മദ്ധ്യത്തിലുള്ളവനെ തന്റെ പതിയാക്കി സ്വീകരിക്കാൻ സാധ്യതയുണ്ട്. ഈ ലോകത്തിൽ വിധാതാവിന്റെ ഉത്തമമായ പദ്ധതികൾ ആർക്കറിയാം?"

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



"എന്നാൽ ഒരുകാര്യം പറയട്ടെ ഈ വണ്ടി ഒരു രാത്രിയും പകലും പിന്നിട്ട് രാത്രി ഒരു മണി കഴിയും ഡൽഹിയിലെത്തുവാൻ. പഴയ ഡൽഹി വരേയെ ഈ വണ്ടി പോവുകയുള്ളു. അപ്പോഴെന്തുചെയ്യണം? പറയാം, അവിടെ സ്റ്റേഷന്റെ എതിർവശത്ത് റോഡരുകിൽ ഒരു സത്രമുണ്ട്. 'ധർമ്മശാല' എന്നെഴുതിയ ബോർഡു കാണാം. അവിടെ യാത്രക്കാർക്ക് സൗജന്യമായി തങ്ങാം. ഭക്ഷണവും മറ്റും സൗജന്യമല്ല. ഒന്നുകിൽ അവിടത്തെ കാന്റീനിൽ നിന്നും വാങ്ങണം. അല്ലെങ്കിൽ പുറമെ നിന്നും കിട്ടും. അധികമൊന്നും വേണ്ട. ഏറിയാൽ നാലണ. അത്രയേ വരൂ. പുലരുംവരെ അവിടെ കഴിച്ചുകൂട്ടാം. പിന്നെ രാവിലെ പ്രാഥമികകാര്യങ്ങൾ തീർത്ത് യമുനാതീരത്തുള്ള ഗാന്ധ്യാശ്രമത്തിൽ പൊയ്ക്കോളൂ. സത്രത്തിൽനിന്ന് അഞ്ചാറു നാഴികയോളം പോകണം. കുതിരവണ്ടിയിൽ പോയാൽ മതി എങ്കിൽ വഴി അറിയാൻ എളുപ്പമാണല്ലോ അല്ലെങ്കിൽ അവിടെ എത്തിപ്പെടാൻ വിഷമിക്കും. ടൗണല്ലേ, ഇന്ത്യാമഹാരാജ്യത്തിന്റെ തലസ്ഥാനം – ഇന്ദ്രപ്രസ്ഥമല്ലേ? പത്തണയാണ് കുതിരവണ്ടിയിൽ ഗാന്ധ്യാശ്രമത്തിൽ കൊണ്ടുപോയി വിടാനുള്ള ചാർജ്. അതിഥിമന്ദിരമുണ്ട്. ഗെയ്റ്റിനു തൊട്ടുതന്നെ. അവിടെ ആതിഥേയനായി ഒരാളുണ്ടായിരിക്കും. അദ്ദേഹത്തെ ഓഫീസിൽ പോയി കണ്ടാൽ ഒഴിവുള്ളതു നോക്കി ഒരു മുറി കിട്ടും. അതിഥികൾക്ക് സൗജന്യമാണ് ആ മുറി. മൂന്നു നേരത്തെ ഭക്ഷണവും സൗജന്യമാണ്. കിട്ടിയ മുറിയിൽ പെട്ടിയും സാമാനങ്ങളും വെച്ച് കുളിച്ചൂണും കഴിച്ച് ഞാൻ തരുന്ന കത്തും കൊണ്ട് ന്യൂഡൽഹിക്ക് നടന്നോളൂ. മുറിയിൽ വെച്ച സാമാനങ്ങൾ പത്മൻ നായരുമായുള്ള മുഖാമുഖം കഴിഞ്ഞിട്ടു കൊണ്ടു പോന്നാൽ മതി. ന്യൂഡൽഹിക്ക് 12 നാഴികയോളം ദൂരം വരും. വാഹനം പിടിച്ചാൽ കാശിന് വിഷമം വരുമെന്നു കരുതിയാണ് നടന്നോളാൻ പറഞ്ഞത്. ന്യൂഡൽഹിയിലുള്ള സെക്രട്ടറിയേറ്റ് മന്ദിരത്തിൽ അഞ്ചുമണിക്കു മുമ്പായി എത്തി അവിടെ അന്വേഷിച്ചാൽ പത്മനാഭൻ നായരെ കണ്ടുകിട്ടും. മന്ദിരത്തിന്റെ മുൻവശത്ത് സെക്യൂരിറ്റിയുണ്ടാവും. അയാളോട് പറഞ്ഞാൽ സൗകര്യം ചെയ്തുതരും.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*